(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) യു. ജി. സി. മാതൃകയിൽ പരീക്ഷ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പരീക്ഷ നടത്തിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പരീക്ഷ എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കുമോ ?

(ഇ) നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർക്കു വേണ്ട പരീക്ഷ നടത്തുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം യോഗ്യതാ പരീക്ഷ നടത്തുന്നതുവഴി അദ്ധ്യാപനരീതി മെച്ചപ്പെടുത്താൻ സഹായകമാകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) യോഗ്യതാ പരീക്ഷ നടത്തുന്നതിനുള്ള ചുമതല എൻട്രൻസ് പരീക്ഷാ കമ്മീഷ്ണറെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) പരീക്ഷ നടത്തി, ഫലം പ്രഖ്യാപിക്കുക എന്ന ചുമതലയാണ് എൻട്രൻസ് പരീക്ഷാ കമ്മീഷ്ണറിൽ നിക്ഷിപ്തമായിരിക്കുന്നത്.

(സി) ഉണ്ട്. പൊതു വിജ്ഞാനവും അദ്ധ്യാപന അഭിരുചിയും, അതതു വിഷയത്തിൽ പി. ജി. നിലവാരത്തിലുള്ള അറിവും അളക്കാനുതകുന്ന വിധത്തിലാണ് പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) മേയ് മാസത്തിൽ നടത്താനാണുദ്ദേശിക്കുന്നത്.

(ഇ) പ്ലസ് ടൂ അദ്ധ്യാപകരാകാനുള്ള യോഗ്യതാ പരീക്ഷ എല്ലാ വിഭാഗക്കാർക്കും ഒരേ മാതൃകയിലാണ് നടത്തുന്നത്.

(എഫ്) പ്രതീക്ഷിക്കുന്നുണ്ട്.

വ്യാജ വീഡിയോ കാസറ്റുകൾ

20 (* 555) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. ദാസൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജ വീഡിയോ കാസറ്റുകൾ പെരുകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യാജ വീഡിയോ കാസറ്റുകൾ സിനിമാ വ്യവസായത്തിനും സർക്കാരിനും സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ സിനിമാ വ്യവസായത്തിന്റെ തകർച്ചയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരുമാനത്തിലെ കുറവും പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) വ്യാജ വീഡിയോ കാസറ്റുകൾ വിദേശത്തുനിന്നും കടത്തിക്കൊണ്ടുവരുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ വ്യാജ വീഡിയോ കാസറ്റുകളുടെ കള്ളക്കടത്തു തടയുന്നതിനായി എയർപോർട്ടുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ-സി) വ്യാജ വീഡിയോ കാസറ്റുകൾ പെരുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ വീഡിയോ കാസറ്റുമായി ബന്ധപ്പെട്ട സംഭവങ്ങളിന്മേൽ ആഭ്യന്തരവകുപ്പിൽ നിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാജവീഡിയോ കാസറ്റുകൾ പിടിച്ചെടുത്ത് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ കീഴിൽ കൊച്ചി ആസ്ഥാനമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലും വ്യാജ കാസറ്റുകൾ കണ്ടുപിടിക്കുന്നതിനുള്ള സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിലെ സെല്ലിന്റെ ചാർജ് ഒരു ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്പി. യുടെ കീഴിലാണ്. ഈ സെല്ലിന്റെ ഉദ്യോഗസ്ഥർ റെയിഡുകൾ നടത്തുകയും വ്യാജ സിനിമാ കാസറ്റുകൾ പിടിച്ചെടുത്ത് അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യും.

(ഡി & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അംഗവൈകല്യമുള്ള കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പദ്ധതി

21 (* 556) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗവൈകല്യമുള്ള കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനമൊട്ടാകെ അംഗവൈകല്യമുള്ള എത്ര കുട്ടികളെ പ്രസ്തുത പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly